**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 1** **29-01-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ ആശുപത്രികളിലെ മരുന്നുക്ഷാമം പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി എന്നിവ ഉൾപ്പെടെയുള്ള ആശുപത്രികളിൽ രൂക്ഷമായ മരുന്നുക്ഷാമം അനുഭവപ്പെടുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി എന്നിവ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ കെ.എം.എസ്.സി.എൽ മുഖേനയാണ് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നത്. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ എസൻഷ്യൽ ഡ്രഗ് ലിസ്റ്റ് (EDL) പ്രകാരമുള്ള മരുന്നുകൾ സ്റ്റോക്കുണ്ട് എന്നത് ഉറപ്പാക്കുന്നുണ്ട്. ആശുപത്രികൾ ഒരു വർഷത്തേയ്ക്ക് ആവശ്യപ്പെട്ടത് വിതരണം ചെയ്ത് ഉപയോഗിച്ച് കഴിഞ്ഞ സാഹചര്യത്തിലും, കെ.എം.എസ്.സി.എൽ. വിതരണം ചെയ്യാത്ത മരുന്നുകൾ ആവശ്യമായി വരുന്ന സാഹചര്യത്തിലും വിവിധ സ്കീമുകളിലൂടെ അവശ്യ മരുന്ന് ലഭ്യമാക്കി വരുന്നുണ്ട്. ആയതിനാൽ രോഗികൾക്കുള്ള മരുന്ന് വിതരണം തടസ്സപ്പെട്ടിട്ടില്ല.<br><br>സർക്കാർ ആശുപത്രികളിലൂടെ മെച്ചപ്പെട്ട ചികിത്സയും, ഗുണനിലവാരമുള്ള മരുന്നുകളും ലഭ്യമാക്കിയതിലൂടെ സർക്കാർ ആശുപത്രികളെ സമീപിക്കുന്ന രോഗികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായതു കാരണം വാർഷിക ഇൻഡന്റ് പ്രകാരം ഒരു വർഷത്തേയ്ക്ക് നൽകിയ ചിലയിനം മരുന്നുകൾ, സ്ഥാപനത്തിന് അനുവദിച്ച സാമ്പത്തിക പരിധിക്കപ്പുറം കൂടുതലായി വിതരണം ചെയ്യേണ്ടതായി വന്നിട്ടുണ്ട്.<br><br>കെ.എം.എസ്സ്.സി.എൽ. വഴി ലഭ്യമാകുന്ന EDL പ്രകാരമുള്ള മരുന്നുകൾ കുറവുണ്ടാകുന്ന സ്ഥാപനങ്ങളിൽ അവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനുള്ള നടപടികളും സമയബന്ധിതമായി നടപ്പാക്കി വരുന്നു. ഒരു സാമ്പത്തിക വർഷത്തേക്ക് മരുന്നുകളുടെ |

| | | | |
|---|---|---|---|
| | | | ആവശ്യകത കണക്കാക്കി മുൻ സമ്പത്തിക വർഷം തന്നെ സംസ്ഥാനത്തുള്ള എല്ലാ ആശുപത്രികളും ഇൻഡന്റ് തയ്യാറാക്കി കെ.എം.എസ്സ്.സി.എൽ. ന് നൽകുകയും, മരുന്ന് സംഭരണം സംബന്ധിച്ച കലണ്ടർ പ്രകാരം നടപടിക്രമങ്ങൾ പാലിച്ച് സുതാര്യമായ ഇ-ടെണ്ടർ നടപടികളിലൂടെ മരുന്ന് ബന്ധപ്പെട്ട ആരോഗ്യ സ്ഥാപനങ്ങളിൽ എത്തിക്കുന്നതിനുള്ള വിപുലമായ സംവിധാനം കെ.എം.എസ്സ്.സി.എൽ. ഒരുക്കിയിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം 550 മോളിക്യൂൾസ് ആണ് EDL ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്.<br><br>ആശുപത്രികളിലുള്ള മരുന്നിന്റെ സ്റ്റോക്ക് 30% ആകുമ്പോൾ തന്നെ ഇൻഡന്റ് പ്രകാരം അടുത്ത ബാച്ച് വേർഹൗസുകളിൽ നിന്ന് എത്തിക്കുന്നതിനും നടപടി സ്വീകരിക്കുന്നു. ഒരു സാമ്പത്തിക വർഷത്തെ നിശ്ചിത ഇൻഡന്റ് പ്രകാരമുള്ള മരുന്ന് സപ്ലൈ നൂറ് ശതമാനം കഴിഞ്ഞാൽ 25% കൂടി അധികമായി കെ.എം.എസ്സ്.സി.എൽ. വഴി ലഭ്യമാക്കുന്നുണ്ട്. EDL ലിസ്റ്റിൽ ലഭ്യമല്ലാത്ത മരുന്നുകൾ ഇപ്രകാരം ആശുപത്രികളിൽ ലഭ്യമാകുകയില്ല. ഇൻഡന്റ് പ്രകാരം അനുവദനീയമായതും അധികമായുമുള്ള 25% വും വിതരണം ചെയ്ത് തീരുകയും ടി ലിസ്റ്റിൽ ഉൾപ്പെടാത്തതുമായ മരുന്നുകൾ കാരുണ്യ ഫാർമസി മുഖേന ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. സർക്കാർ ആശുപതികളിലെ ഡോക്ടർമാർ കുറിപ്പടികളിൽ ജനറിക് മരുന്നുകൾ മാത്രമേ കുറിയ്ക്കാവൂ എന്ന കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>അത്യാവശ്യമുള്ള മരുന്നുകൾ ഇന്റർ ഇൻസ്റ്റിറ്റ്യൂഷൻ ട്രാൻസ്ഫർ വഴി എത്തിക്കുന്നുണ്ട്. മരുന്നുകളുടെ ലഭ്യതകുറവ് അവലോകനം ചെയ്യുന്നതിലേയ്ക്കായി എല്ലാ ബുധനാഴ്ചകളിലും ആസ്ഥാന കാര്യാലയത്തിലേയും ജില്ലാ മരുന്നു സംഭരണശാലയിലേയും ഉദ്യോഗസ്ഥർമാർ യോഗം ചേരുകയും, മരുന്നുകളുടെ കുറവുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇതുകൂടാതെ ആശുപത്രിതല അവലോകന യോഗത്തിലും, ഫാർമസിസ്റ്റുമാരുടെ അവലോകന യോഗത്തിലും, മെഡിക്കൽ ഓഫീസർമാരുടെ അവലോകന യോഗത്തിലും മരുന്നു ലഭ്യത സംബന്ധിച്ച് ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങൾ കെ.എം.എസ്.സി.എൽ അതാത് സമയങ്ങളിൽ പരിഹരിച്ചുവരുന്നുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് | (ബി) | സംസ്ഥാനത്തെ മെഡിക്കൽ കോളേജ്, ജനറൽ |

| | |
|---|---|
| സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | ആശുപത്രി എന്നിവ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ കെ.എം.എസ്.സി.എൽ മുഖേനയാണ് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നത്. കെ.എം.എസ്.സി.എൽ വിതരണം ചെയ്യാത്തതും സ്റ്റോക്ക് ലഭ്യതക്കുറവ് മൂലം കെ.എം.എസ്.സി.എല്ലിൽ നിന്നും അവശ്യ മരുന്നുകൾ ലഭ്യമാവാത്ത സാഹചര്യത്തിലും അവശ്യമരുന്നുകൾ ലോക്കൽ പർച്ചേസ്, KASP, RSBY, RBSK, JSSK, TRIBAL FUND, HDS FUND തുടങ്ങി വിവിധ സ്കീമുകളിലൂടെ രോഗികൾക്ക് ലഭ്യമാക്കി വരുന്നുണ്ട്. ആയതിനാൽ രോഗികൾക്കുള്ള മരുന്ന് വിതരണം തടസ്സപ്പെട്ടിട്ടില്ല.<br><br>സർക്കാർ ആശുപത്രികളിലൂടെ മെച്ചപ്പെട്ട ചികിത്സയും, ഗുണനിലവാരമുള്ള മരുന്നുകളും ലഭ്യമാക്കിയതിലൂടെ സർക്കാർ ആശുപത്രികളെ സമീപിക്കുന്ന രോഗികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായതു കാരണം വാർഷിക ഇൻഡന്റ് പ്രകാരം ഒരു വർഷത്തേയ്ക്ക് നൽകിയ ചിലയിനം മരുന്നുകൾ, സ്ഥാപനത്തിന് അനുവദിച്ച സാമ്പത്തിക പരിധിക്കപ്പുറം കൂടുതലായി വിതരണം ചെയ്യേണ്ടതായി വന്നിട്ടുണ്ട്.<br><br>സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ എസൻഷ്യൽ ഡ്രഗ് ലിസ്റ്റ് (EDL) പ്രകാരമുള്ള മരുന്നുകൾ സ്റ്റോക്കുണ്ട് എന്നത് ഉറപ്പാക്കുന്നുണ്ട്. കെ.എം.എസ്സ്.സി.എൽ. വഴി ലഭ്യമാകുന്ന EDL പ്രകാരമുള്ള മരുന്നുകൾ കുറവുണ്ടാകുന്ന സ്ഥാപനങ്ങളിൽ അവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനുള്ള നടപടികളും സമയബന്ധിതമായി നടപ്പാക്കി വരുന്നു. ഒരു സാമ്പത്തിക വർഷത്തേക്ക് മരുന്നുകളുടെ ആവശ്യകത കണക്കാക്കി മുൻ സമ്പത്തിക വർഷം തന്നെ സംസ്ഥാനത്തുള്ള എല്ലാ ആശുപത്രികളും ഇൻഡന്റ് തയ്യാറാക്കി കെ.എം.എസ്സ്.സി.എൽ. ന് നൽകുകയും, മരുന്ന് സംഭരണം സംബന്ധിച്ച കലണ്ടർ പ്രകാരം നടപടിക്രമങ്ങൾ പാലിച്ച് സുതാര്യമായ ഇ-ടെണ്ടർ നടപടികളിലൂടെ മരുന്ന് ബന്ധപ്പെട്ട ആരോഗ്യ സ്ഥാപനങ്ങളിൽ എത്തിക്കുന്നതിനുള്ള വിപുലമായ സംവിധാനം കെ.എം.എസ്സ്.സി.എൽ. ഒരുക്കിയിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം 550 മോളിക്യൂൾസ് ആണ് EDL ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്.<br><br>ആശുപത്രികളിലുള്ള മരുന്നിന്റെ സ്റ്റോക്ക് 30% ആകുമ്പോൾ തന്നെ ഇൻഡന്റ് പ്രകാരം അടുത്ത |

| | | | |
|---|---|---|---|
| | | | ബാച്ച് വേർഹൗസുകളിൽ നിന്ന് എത്തിക്കുന്നതിനും നടപടി സ്വീകരിക്കുന്നു. ഒരു സാമ്പത്തിക വർഷത്തെ നിശ്ചിത ഇൻഡന്റ് പ്രകാരമുള്ള മരുന്ന് സപ്ലൈ നൂറ് ശതമാനം കഴിഞ്ഞാൽ 25% കൂടി അധികമായി കെ.എം.എസ്സ്.സി.എൽ. വഴി ലഭ്യമാക്കുന്നുണ്ട്. EDL ലിസ്റ്റിൽ ലഭ്യമല്ലാത്ത മരുന്നുകൾ ഇപ്രകാരം ആശുപത്രികളിൽ ലഭ്യമാകുകയില്ല. ഇൻഡന്റ് പ്രകാരം അനുവദനീയമായതും അധികമായുമുള്ള 25% വും വിതരണം ചെയ്ത് തീരുകയും ടി ലിസ്റ്റിൽ ഉൾപ്പെടാത്തതുമായ മരുന്നുകൾ കാരുണ്യ ഫാർമസി മുഖേന ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. സർക്കാർ ആശുപതികളിലെ ഡോക്ടർമാർ കുറിപ്പടികളിൽ ജനറിക് മരുന്നുകൾ മാത്രമേ കുറിയ്ക്കാവൂ എന്ന കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>അത്യാവശ്യമുള്ള മരുന്നുകൾ ഇന്റർ ഇൻസ്റ്റിറ്റ്യൂഷൻ ട്രാൻസ്ഫർ വഴി എത്തിക്കുന്നുണ്ട്. മരുന്നുകളുടെ ലഭ്യതകുറവ് അവലോകനം ചെയ്യുന്നതിലേയ്ക്കായി എല്ലാ ബുധനാഴ്ചകളിലും ആസ്ഥാന കാര്യാലയത്തിലേയും ജില്ലാ മരുന്നു സംഭരണശാലയിലേയും ഉദ്യോഗസ്ഥർമാർ യോഗം ചേരുകയും, മരുന്നുകളുടെ കുറവുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇതുകൂടാതെ ആശുപത്രിതല അവലോകന യോഗത്തിലും, ഫാർമസിസ്റ്റുമാരുടെ അവലോകന യോഗത്തിലും, മെഡിക്കൽ ഓഫീസർമാരുടെ അവലോകന യോഗത്തിലും മരുന്നു ലഭ്യത സംബന്ധിച്ച് ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങൾ കെ.എം.എസ്.സി.എൽ അതാത് സമയങ്ങളിൽ പരിഹരിച്ചുവരുന്നുണ്ട്. |
| (സി) | മരുന്നുക്ഷാമവുമായി ബന്ധപ്പെട്ട് സർക്കാർ ആശുപത്രികളിൽ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെയും ആരോഗ്യ വകുപ്പിന്റെയും കീഴിലെ ആശുപത്രികളിലെ മരുന്ന് ലഭ്യത സംബന്ധിച്ച് നിരന്തര പരിശോധനയും അവലോകനവും നടത്തി വരുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ആശുപത്രികളിലെ മരുന്ന് ലഭ്യത/ലഭ്യതക്കുറവ് സംബന്ധിച്ച ആശുപത്രി തിരിച്ചുള്ള കണക്ക് മാസത്തിൽ രണ്ടു തവണ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ശേഖരിച്ച് കെ.എം.എസ്.സി.എൽ - നെ അറിയിക്കുന്നുണ്ട്.<br><br>ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ സ്ഥാപന മേധാവിയും സ്റ്റോർ കസ്റ്റോഡിയനും അംഗങ്ങളായുള്ള സ്ഥാപന തല മോണിറ്ററിങ് കമ്മിറ്റി വിവിധ മരുന്നുകളുടെ ലഭ്യത നിരന്തരം മോണിറ്റർ ചെയ്യുകയും കുറവ് വരുന്ന മരുന്നുകളുടെ ലഭ്യത |

| | | | |
|---|---|---|---|
| | | | കെ.എം.എസ്.സി.എൽ - ൽ നിന്നോ ജില്ലാ തല സമിതി വഴി മറ്റുസ്ഥാപനങ്ങളിൽ നിന്നോ ലഭ്യമാക്കി മരുന്ന് ലഭ്യത ഉറപ്പ് വരുത്തുന്നുണ്ട്. ജില്ലാ മോണിറ്ററിംഗ് കമ്മിറ്റി മരുന്നുകളുടെ ലഭ്യത ഡി.ഡി.എം.എസ് സോഫ്റ്റ് വെയർ പരിശോധിച്ച് അതാത് ദിവസങ്ങളിൽ ലഭ്യത കുറവുള്ള മരുന്നുകൾ അവയുടെ സ്റ്റോക്ക് ജില്ലകളിൽ കൂടുതലുള്ള സ്ഥാപനങ്ങളിൽ നിന്നും ആവശ്യാനുസരണം ലഭ്യമാക്കുന്നത് ഉറപ്പ് വരുത്തുന്നു. ജില്ലാ മോണിറ്ററിംഗ് കമ്മിറ്റിയുടെ മേൽ പ്രവർത്തനങ്ങൾ സംസ്ഥാന മോണിറ്ററിംഗ് കമ്മിറ്റി വിലയിരുത്തുന്നു. |
| (ഡി) | കാരുണ്യ പദ്ധതി വഴി ആശുപത്രികളിൽ രോഗികൾക്ക് മരുന്ന് സൗജന്യമായി നൽകുന്നുണ്ടോയെന്ന് അറിയിക്കാമോ; | (ഡി) | രോഗികൾക്ക് കാരുണ്യ പദ്ധതി വഴി മരുന്നുകൾ സൗജന്യമായി നൽകി വരുന്നുണ്ട്. |
| (ഇ) | കിടപ്പുരോഗികൾ ഉൾപ്പെടെയുള്ളവർക്ക് സൗജന്യമായി മരുന്ന് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ഇ) | നിലവിൽ കിടപ്പുരോഗികൾ ഉൾപ്പെടെ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളെ സമീപിക്കുന്ന എല്ലാ വിഭാഗം രോഗികൾക്കും മരുന്നുകൾ സൗജന്യമായാണ് ലഭിക്കുന്നത്. കൂടാതെ, എൽ.എസ്.ജി.ഡി പ്രോജക്റ്റുകൾ മുഖേനയും സാന്ത്വന പരിചരണ പദ്ധതി പ്രകാരവും ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ